**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3902** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ രംഗത്തെ പ്രത്യേക കർമ്മ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലി രോഗങ്ങൾക്കെതിരെ ചികിത്സയും പ്രതിരോധവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേക ആരോഗ്യ പരിശോധന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അതിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും വിവരശേഖരണവും പഠനങ്ങളും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ജീവിതശൈലീരോഗങ്ങളെ കുറിച്ചും അതിലേക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചുമുള്ള ആരോഗ്യ വിവരശേഖരണം നടത്തുന്നതിനും, ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹദ് ക്യാമ്പയിൻ ആരോഗ്യവകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുക. ആശ പ്രവർത്തകർ, ഭവനസന്ദർശനം നടത്തി ഓരോ വീട്ടുകളിലെയും 30 വയസിനു മുകളിൽ പ്രായമുള്ള ജനങ്ങളുടെ വിവരശേഖരണം നടത്തി അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് അനുസൃതമായ പരിശോധനകൾക്ക് അവരെ അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിവരശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ചു വരുന്നത് . ഇത് തൽസമയം തന്നെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് ആരോഗ്യരംഗത്തെ ഗവേഷണം ശക്തമാക്കാൻ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | ആരോഗ്യ രംഗത്തെ ഗവേഷണങ്ങൾ ത്വരിതപ്പെടുത്താനും ശക്തമാക്കാനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ